<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2108</u> <u>21-06-2024 - ൽ മറുപടിയ്ക്ക്</u>

<u>വാഴക്കാട് സ്വദേശിനിയുടെ മരണം അന്വേഷിക്കാൻ നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2024 ഫെബ്രുവരി മാസത്തിൽ മലപ്പുറം ജില്ലയിലെ വാഴക്കാട് പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട ചാലിയാർ പുഴയോട് ചേർന്ന് വട്ടക്കാട് സിദ്ദീഖ് മാസ്റ്ററുടെ 17 വയസ്സുള്ള മകൾ മരണപ്പെട്ടതായി കാണപ്പെട്ട സംഭവത്തിലെ അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിൽ ആണെന്ന് വ്യക്തമാക്കുമോ; | (എ) | 2024 ഫെബ്രുവരി 19-ന് വാഴക്കാട് പോലീസ് സ്റ്റേഷൻ ക്രൈം 191/24 U/s 174 CrPC ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസ് Sec. 305 IPC ആയി ആൾട്ടർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും തുടർന്ന് കേസ് തുടരന്വേഷണത്തിനായി ക്രൈം ബ്രാഞ്ചിന് കൈമാറിയിട്ടുമുണ്ട്. കേസ് നിലവിൽ കോഴിക്കോട് ക്രൈം ബ്രാഞ്ച് ഡി വൈ എസ് പി- 1 അന്വേഷണം നടത്തിവരുന്നു. അന്വേഷണത്തിൽ മരണപ്പെട്ട കുട്ടിയുടെ കരാട്ടെ മാസ്റ്റർ ആയ സിദ്ധിഖലി എന്നയാളിനെ പ്രതിയായി കണ്ടെത്തി അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസിലേക്ക് ശാസ്ത്രീയ തെളിവുകൾ ശേഖരിച്ച് അന്വേഷണം നടത്തിവരുന്നു. |
| (ബി) | പ്രസ്തുത അന്വേഷണം ക്രൈംബ്രാഞ്ചിന് വിട്ടിട്ടുണ്ടോ; എങ്കിൽ അന്വേഷണം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | ഉത്തരം (A) യിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ